**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4221 12.11.2019-ലെ മറുപടിയ്ക്ക്

**ക്ലബ്ബുകളേയും മറ്റ് കായിക സംഘടനകളേയും പരിപോഷിപ്പിക്കുന്ന നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എൻ.ഷംസീർ** | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| സംസ്ഥാനത്ത് കായിക മേഖലയുടെ വളർച്ചയ്ക്ക് വളരെ പ്രാധാന്യം കൊടുക്കുന്ന ക്ലബ്ബുകളേയും മറ്റ് കായിക സംഘടനകളേയും പരിപോഷിപ്പിക്കുന്ന എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ, കായികമേഖലയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ, കായികസംഘടനകൾ എന്നിവയ്ക്ക് കായികോപകരണങ്ങൾ വാങ്ങുന്നതിന്, കളിസ്ഥല നവീകരണത്തിന്, തുടങ്ങിയ ആവശ്യത്തിലേക്കായി സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ട്. എല്ലാ വർഷവും നിശ്ചിതമാതൃകയിലുള്ള അപേക്ഷ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി അർഹരായവർക്ക് സാമ്പത്തികസഹായം നൽകി വരികയും ചെയ്യുന്നു. സ്പോർട്സ് കൗൺസിൽ നെഹ്റു യുവകേന്ദ്ര, യൂത്ത് വെൽഫെയർ ബോർഡ് എന്നിവയിൽ അഫിലിയേറ്റ് ചെയ്ത ക്ലബ്ബുകൾക്ക് മുൻഗണന നൽകി വരുന്നുണ്ട്.<br>കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം അർഹമായ ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**